(സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രണ്ട് മെഡിക്കൽ കോളേജുകൾ ആരംഭിച്ചു മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജ് 2013-14-ലും ഗവൺമെന്റ് മെഡിക്കൽ കോളേജ് ഇടുക്കി, 2014-15-ലും പ്രവർത്തനമാരംഭിച്ചു കൂടാതെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് സർക്കാർ മെഡിക്കൽ കോളേജായി പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ ഒരു മെഡിക്കൽ കോളേജും സർക്കാർ മേഖലയിൽ 2014-15-ൽ ആരംഭിച്ചിട്ടുണ്ട്.

(ബി) 5, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിൽ എം.ബി.ബി.എസ്സിന് 900 സീറ്റുകൾ ഉണ്ടായിരുന്നത് നിലവിൽ 1150 സീറ്റുകളായി വർദ്ധിച്ചിട്ടുണ്ട്. പാലക്കാട് പട്ടികജാതി വികസന വകുപ്പിന്കീഴിലുള്ള മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്സ്. സീറ്റുകളും 2014-15 മുതൽ ലഭ്യമാണ്. കൂടാതെ 2011-ൽ എം.ഡി./എം.എസ്സ്. കോഴ്സുകൾക്ക് 430 സീറ്റുകൾ ഉണ്ടായിരുന്നു. 2015-ൽ 525 ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) 6.

മെഡിക്കൽ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് പദ്ധതി

113 (805) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്വയംഭരണം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ സ്വയംഭരണം ഏർപ്പെടുത്തുന്നതിലൂടെ ആരോഗ്യരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്രത്തോളം പി.ജി. സീറ്റുകളാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ വെട്ടിക്കുറച്ചതെന്ന് അറിയിക്കുമോ ; എങ്കിൽ എന്താണ് കാരണമെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ആലോചനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) കാലാനുസൃതമായി മെഡിക്കൽ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.എസ്. ജനറൽ സർജറിയിൽ 2 സീറ്റുകൾ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് കംപ്ലയിൻസ് റിപ്പോർട്ട് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് അയച്ചിട്ടുണ്ട്. ഇതിനുമേൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പുനഃപരിശോധന നടത്തേണ്ടതുണ്ട്. കൂടാതെ വെട്ടിക്കുറച്ച പി.ജി. സീറ്റുകൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും ' സ്റ്റോപ്പ് അഡ്മിഷൻ ' എന്ന നിർദ്ദേശം ഇതുവരെ ലഭിച്ചിട്ടുമില്ല.

(ഡി) നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ പുതിയ കോഴ്സുകളും പുതിയ ഡിപ്പാർട്ട്മെന്റുകളും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പുതിയ സംരംഭങ്ങൾക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകുന്നു. അത്യാധുനിക ക്ലാസ് മുറികൾ, മറ്റ് പഠനോപാധികൾ, ഹോസ്റ്റൽ സൗകര്യം, ക്വാർട്ടേഴ്സുകൾ, ലൈബ്രറി സംവിധാനം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ തുക പദ്ധതി ഇനത്തിൽ അനുവദിച്ചുവരുന്നു.

(ഇ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം മെഡിക്കൽ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് വേണ്ട നടപടികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നു. ഇതിന്റെ ഭാഗമായി മെഡിക്കൽ സ്കിൽ ലാബുകൾ മെഡിക്കൽ എഡ്യൂക്കേഷൻ യൂണിറ്റുകൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെയുള്ള നീജിയണൽ സെന്റർ ഇൻ മെഡിക്കൽ എഡ്യൂക്കേഷൻ ടെക്നോളജി (കോട്ടയം മെഡിക്കൽ കോളേജ്) തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1089/2018

LIBRARY ARCHIVES Kerala Legislative Assembly